(ബി) അയൽ സംസ്ഥാനങ്ങൾ ഈ കാര്യങ്ങളിൽ എന്തെല്ലാം പ്രോൽസാഹനങ്ങളും സൗജന്യങ്ങളും നൽകുന്നുണ്ട് എന്നറിയാമോ;

(സി) അതിനേക്കാൾ കൂടുതൽ സൗജന്യങ്ങളും പ്രോൽസാഹനങ്ങളും നമ്മുടെ ഗവൺമെന്റ് പുതിയ വ്യവസായങ്ങൾക്ക് നൽകുമോ?

ഉത്തരം

(എ) വ്യവസായികർക്ക് മൂലധനം നിക്ഷേപിക്കുന്നതിനും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും വേണ്ടി പദ്ധതികൾ കണ്ടെത്തുക, അതിനാവശ്യമായ സ്ഥലം എടുക്കുക, അടിസ്ഥാന ഘടക സൗകര്യങ്ങൾ നല്കുക, വ്യവസായസംരംഭകർക്ക് ആവശ്യമായ സൗകര്യങ്ങൾ നല്കുക എന്നിവയാണ് കിൻഫ്രായുടെ ഉദ്ദേശ്യലക്ഷ്യം. കേരളത്തിന്റെ വിവിധ ജില്ലകളിലായി പതിമൂന്നോളം പാർക്കുകൾ കിൻഫ്ര ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ടെക്നോപാർക്ക് തിരുവനന്തപുരത്ത് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. മൂലധനനിക്ഷേപത്തിന് പുതിയ വ്യവസായങ്ങൾ ആംഭിക്കുന്നതിന് സംസ്ഥാനസർക്കാരും കെ.എസ്. ഐ.ഡി.സിയും നൽകിവരുന്ന പ്രോൽസാഹനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട് [+]

(ബി) അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു.*

(സി) വേണ്ടത്ര സൗജന്യങ്ങളും പ്രോൽസാഹനങ്ങളും ഇപ്പോൾ തന്നെ നൽകിവരുന്നു.

അടിസ്ഥാന സൗകര്യ നിക്ഷേപനിധി

7 (516) ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാനസൗകര്യ നിക്ഷേപനിധിയിലേക്ക് ഇതിനോടകം ആകെ എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിധിയിൽനിന്നും ഏതെല്ലാം വ്യവസായ സംരംഭങ്ങൾക്ക് എത്ര രൂപ വീതം സാമ്പത്തികസഹായം നൽകിയെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം വ്യവസായ സംരംഭകരുടെ അപേക്ഷകൾ സഹായത്തിനായി ഇനിയും പരിഗണനയിൽ ഉണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 507.06 കോടി രൂപ

(ബി,സി) അടിസ്ഥാനസൗകര്യനിക്ഷേപ നിധിയിലേക്ക് സ്വരൂപിച്ചു തുക വ്യവസായങ്ങൾക്കായി വിനിയോഗിക്കുവാനല്ല ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. മറിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലസേ

[+] അനുബന്ധം- IV & IV (a)

LIBRARY ARCHIVES Kerala Legislative Assembly

ചനം, വൈദ്യുതി, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകൾക്കു വേണ്ടി യാണ്.

ഡബ്ളിയു.ടി. ഒ. ക്ക് വേണ്ടി ടാസ്ക് ഫോഴ്സ്

8 (517)ശ്രീ.കെ.സി. ജോസഫ് :

ശ്രീ. തമ്പാനൂർ രവി :

ശ്രീ. കെ.എ. ചന്ദ്രൻ :

ഡോ.എം.എ. കുട്ടപ്പൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ താരിഫ് നിർണ്ണയിക്കുന്ന തിനുള്ള അംഗരാഷ്ട്രങ്ങളുടെ മന്ത്രിതല സമ്മേളനത്തിൽ പങ്കെടുക്കുന്ന കേന്ദ്രമന്ത്രിമാർക്ക് വേണ്ട വിവരങ്ങൾ നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ചെയർമാൻ ആരാണ്;

(സി) ഈ ടാസ്ക് ഫോഴ്സ് എത്ര തവണ സമ്മേളിച്ചു;

(ഡി) സംസ്ഥാനത്തിന്റെ കാർഷിക വസ്തുക്കളുടേയും വ്യാവസാ യിക ഉല്പന്നങ്ങളുടെയും വിലയിടിയാതെ സൂക്ഷിക്കത്തക്കവണ്ണം സംസ്ഥാ നത്ത് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് എന്തുതോതിൽ തീരുവ ചുമത്തണ മെന്ന് ഈ സമിതി ആലോചിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതുസംബന്ധിച്ച് സമിതിയുടെ തീരുമാനമെന്താണ്;

(എഫ്) ഈ വിവരങ്ങൾ എന്നാണ് കേന്ദ്ര ഗവൺമെന്റിനെ അറിയി ച്ചത്;

(ജി) കേന്ദ്രവുമായി ഇതേപ്പറ്റി ചർച്ചചെയ്തുവോ? ഇല്ലെങ്കിൽ കാര ണമെന്ത്?

ഉത്തരം

(എ) ഉണ്ട്. ഇൻഡ്യ, അന്താരാഷ്ട്ര വ്യാപാര സംഘടനയുടെ അംഗരാ ജ്യമായതിനെ തുടർന്ന് നടപ്പാക്കേണ്ടി വന്ന പരിഷ്ക്കാരങ്ങളുടെ ഭാഗമായ പുതിയ ഇറക്കുമതി നയംമൂലം ഇനിയും വരാൻ സാദ്ധ്യതയുള്ള വ്യാപാരരം ഗത്തെ പരിഷ്ക്കാരങ്ങളും അത് കേരളത്തിന്റെ സമ്പദ്ഘടനയെ എങ്ങനെ ബാധിക്കുമെന്ന് മുൻകൂട്ടി പഠിക്കുവാനും സ്ഥിതിവിശേഷങ്ങൾ നേരിടുവാൻ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ചീഫ് സെക്രട്ടറി അദ്ധ്യ ക്ഷനായും, വിവിധ വകുപ്പു മേധാവികൾ അംഗങ്ങളായും ലോക വ്യാപാര സംഘടനയുടെ ടാസ്ക്ഫോഴ്സിന് സംസ്ഥാനസർക്കാർ രൂപം നൽകിയത്.

കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുവാൻ സാദ്ധ്യതയുള്ള മേഖ ലകളായ കൃഷി, സേവനം, തുണിവ്യവസായ ഉൽപ്പന്നം നിക്ഷേപം, ഭൗതിക സ്വത്ത്, ഇലക്ട്രോണിക്സ് എന്നീ മേഖലകളെക്കുറിച്ച് വിശദമായി പഠിപ്പിക്കു ന്നതിന് പ്രസ്തുത മേഖലകളിലെ കഴിവു വർദ്ധിപ്പിക്കുന്നതിനും വേണ്ടി ടി സെക്ടറുകൾക്ക് പ്രത്യേകം സെക്ടറൽ കമ്മിറ്റികൾക്കും രൂപം കൊടുത്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly